**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1371** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കൈപ്പമംഗലം മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി ഓർഡിനറി ബസുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ എത്ര കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസുകളാണ് ദിവസേന സർവീസ് നടത്തുന്നത്;

**<u>മറുപടി:</u>** കൈപ്പമംഗലം നിയോജകമണ്ഡലത്തിലൂടെ കെ.എസ്.ആർ.ടി.സി.യുടെ വിവിധ യൂണിറ്റുകളിൽ നിന്നായി ആകെ 39 ഓർഡിനറി ബസുകൾ ദിവസേന സർവീസ് നടത്തിവരുന്നു.

**(ബി)** സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും വേണ്ടി പ്രഖ്യാപിച്ചിട്ടുള്ള സൗജന്യ യാത്രാ പദ്ധതിയിൽ ഉൾപ്പെടുന്ന കെ.എസ്.ആർ.ടി.സി ബസുകളുടെ വിവരങ്ങൾ നൽകാമോ;

**<u>മറുപടി:</u>** സംസ്ഥാന സർക്കാർ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും വേണ്ടി പ്രഖ്യാപിച്ചിട്ടുള്ള 'പ്രിയദർശിനി' സൗജന്യ യാത്രാ പദ്ധതിയിൽ ആകെ 3125 ഓർഡിനറി ബസുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(സി)** കൊടുങ്ങല്ലൂർ ഡിപ്പോയിൽ നിന്ന് എത്ര ഓർഡിനറി ബസുകളാണ് തൃശ്ശൂർ ജില്ലയിൽ സർവീസ് നടത്തുന്നത്;

**<u>മറുപടി:</u>** കൊടുങ്ങല്ലൂർ ഡിപ്പോയിൽ നിന്ന് 17 ഓർഡിനറി ബസുകളാണ് തൃശ്ശൂർ ജില്ലയിൽ സർവീസ് നടത്തുന്നത്.

**(ഡി)** ഏറ്റവും കൂടുതൽ ഓർഡിനറി ബസുകൾ സർവീസ് നടത്തുന്ന ജില്ലയും ഏറ്റവും കുറവ് ഓർഡിനറി ബസുകൾ സർവീസ് നടത്തുന്ന ജില്ലയും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഓരോ ജില്ലയിലും സർവീസ് നടത്തുന്ന ഓർഡിനറി ബസുകളുടെ എണ്ണം ജില്ല അടിസ്ഥാനത്തിൽ നൽകാമോ?

**<u>മറുപടി:</u>** ഏറ്റവും കൂടുതൽ ഓർഡിനറി ബസുകൾ തിരുവനന്തപുരം ജില്ലയിലും ഏറ്റവും കുറവ് ഓർഡിനറി ബസുകൾ മലപ്പുറം ജില്ലയിലുമാണ് സർവീസ് നടത്തി വരുന്നത്.

ഓരോ ജില്ലയിലും സർവീസ് നടത്തുന്ന ഓർഡിനറി ബസുകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ജില്ല തിരിച്ചുള്ള ഓർഡിനറി ബസ്സുകൾ | | |
|---|---|---|
| ക്രമ നമ്പർ | ജില്ലയുടെ പേര് | ഓർഡിനറി ബസ്സുകൾ |
| 1 | തിരുവനന്തപുരം | 687 |
| 2 | കൊല്ലം | 415 |
| 3 | പത്തനംതിട്ട | 150 |
| 4 | ആലപ്പുഴ | 227 |
| 5 | കോട്ടയം | 162 |
| 6 | ഇടുക്കി | 125 |
| 7 | എറണാകുളം | 325 |
| 8 | തൃശ്ശൂർ | 153 |
| 9 | പാലക്കാട് | 122 |
| 10 | മലപ്പുറം | 98 |
| 11 | കോഴിക്കോട് | 156 |
| 12 | വയനാട് | 172 |
| 13 | കണ്ണൂർ | 205 |
| 14 | കാസർഗോഡ് | 128 |
| ആകെ | | 3125 |

Sindhu
Supdt
Traffic Sn